## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1517 03.05.2017-ൽ മറുപടിക്ക്**

## യു.എ.പി.എ. ചുമത്തപ്പെട്ട കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ യു.എ.പി.എ. ചുമത്തപ്പെട്ട എത്ര കേസുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) 193 കേസുകളിൽ യു.എ.പി.എ. ചുമത്തപ്പെട്ടു. ഇതിൽ 4 കേസുകളിൽ നിന്നും പിന്നീട് യു.എ.പി.എ. വകുപ്പ് നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ പ്രതികളാക്കപ്പെട്ടവർ എത്രയാണെന്നും അവർ ഏതെല്ലാം ജില്ലയിലുള്ളവരാണെന്നും വെളിപ്പെടുത്തുമോ; | (ബി) 759. ഇവർ ഇടുക്കി ജില്ല ഒഴികെ ബാക്കിയുള്ള ജില്ലകളിൽ ഉള്ളവരാണ്. ഇതര സംസ്ഥാന ആൾക്കാരും ഇക്കൂട്ടത്തിൽ പ്രതികളായിട്ടുണ്ട്. |
| (സി) പ്രസ്തുത കേസുകളുടെ കുറ്റപത്രം സമർപ്പിക്കുന്നതിലെ കാലതാമസം മൂലം കേസ് തീർപ്പാക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യു.എ.പി.എ. കേസ്സുകൾ ജില്ലാ പോലീസ് മേധാവിയുടെ അനുമതിയോടുകൂടി എടുക്കേണ്ടതും ഡി.വൈ.എസ്.പി.-യിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി പ്രോസിക്യൂഷൻ അനുമതിയും ലീഗൽ ഒപ്പീനിയനും ലഭിച്ചതിനുശേഷം സർക്കാരിന്റെ അനുമതിയോടു കൂടിയാണ് അന്തിമ തീരുമാനം എടുത്തുവരുന്നത്. ആയതുകൊണ്ട് ഇത്തരം കേസ്സുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | എത്ര കേസുകൾക്ക് ഇതുവരെ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ബാക്കിയുള്ളവ എത്രയെന്നും അറിയിക്കുമോ? | (ഡി) 45 കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ട്. 148 കേസുകളിൽ കുറ്റപത്രം സമർപ്പിക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**